ഉത്തരം

(എ) 8-8-2011-ൽ ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ക്യാൻസർ ഡിറ്റക്ഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു.

(ബി) നിലവിൽ എല്ലാ ശനിയാഴ്ചയും പ്രവർത്തനം നടന്നുവരുന്നു.

(സി) ലേബർ വാർഡിനോട് ചേർന്ന് ഒരു മുറി സജ്ജീകരിക്കുകയും ആവശ്യമായ ഉപകരണങ്ങളും ലാബോറട്ടറി റീ ഏജന്റുകളും വാങ്ങുകയുണ്ടായി. പ്രധാനമായും ഗർഭാശയ ക്യാൻസർ നിർണ്ണയത്തിനായുള്ള സൗകര്യങ്ങളാണ് ഈ സെന്ററിൽ ഒരുക്കിയിട്ടുള്ളത്. ഗർഭാശയ ക്യാൻസർ കണ്ടെത്തുന്നതിനുള്ള സെർവിക്കൽ സ്മിയർ ശേഖരണത്തിനുശേഷം കോട്ടയം മെഡിക്കൽ കോളേജിലെ CYTO PATHOLOGY വിഭാഗത്തിൽ പരിശോധന നടത്തുന്നതിനാണ് പദ്ധതി നിർദ്ദേശിക്കപ്പെട്ടത്.

**കഴപ്പിള്ളി ആശുപത്രി**

102(2570) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാരുടെ അഭാവംമൂലം കഴപ്പിള്ളി ആശുപത്രി അടച്ചിടേണ്ടി വന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പകരം ഡോക്ടർമാരെ നിയമിക്കാതെ എത്ര പേരെ വിടുതൽ ചെയ്യുന്നതിനുള്ള അനുവാദം നൽകിയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആശുപത്രി തുറന്നു പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡോക്ടർമാരുടെ അഭാവംമൂലം കഴപ്പിള്ളി ആശുപത്രി അടച്ചിടേണ്ടതായ സാഹചര്യം വന്നിട്ടില്ല.

(ബി) കഴപ്പിള്ളി പഞ്ചായത്തിലെ അയുമ്പിള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രണ്ട് അസിസ്റ്റന്റ് സർജൻ തസ്തികകളാണുള്ളത്. ഇതിൽ ഒരു ഡോക്ടർ ശൂന്യ വേതനാവധിക്കുള്ള അപേക്ഷ നൽകിയിരുന്നെങ്കിലും ഇത് അനുവദിച്ചിട്ടില്ല. ഈ ഡോക്ടർക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉത്തരം (എ)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

LIBRARY ARCHIVES-Kerala Legislative Assembly